(സി) പഠനം നടത്തുന്നത് വൈദ്യുതി ബോർഡ് നേരിട്ടാണോ ഏതെങ്കിലും ഏജൻസികൾ മുഖേനയാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കിൽ ഏത് ഏജൻസി മുഖേനയാണെന്നും പ്രസ്തുത ഏജൻസിക്ക് പഠനം നടത്തുന്നതിന് എന്ത് തുക നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ഇ) പഠനത്താൽ പദ്ധതി ലാഭകരമാണെന്ന് കണ്ടാൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) പ്രസ്തുത പദ്ധതി നടപ്പാക്കുമ്പോൾ നൂറുകണക്കിനു കുടുംബങ്ങൾ കൂടി ഒഴിപ്പിക്കപ്പെടേണ്ടി വരുമെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച വിവിധ സാദ്ധ്യതകളെ സംബന്ധിച്ച പഠനവും സർവ്വേയുമാണ് ഇപ്പോൾ നടന്നുവരുന്നത്.

(സി&ഡി) പദ്ധതിയുടെ മുഖ്യമായ സർവ്വേ/ഇൻവെസ്റ്റിഗേഷൻ സംസ്ഥാന വൈദ്യുതി ബോർഡ് തന്നെയാണ് നടത്തിവരുന്നത്. എന്നാൽ ഈ പദ്ധതിയുടെ പരിസ്ഥിതി പഠനം കേന്ദ്ര സർക്കാരിന്റെ ജലകമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന "വാട്ടർ ആന്റ് പവ്വർ കൺസൾട്ടൻസി സർവ്വീസസ്" (വാപ്കോസ്) എന്ന വിദഗ്ദ്ധ ഏജൻസി മുഖേനയാണ് നടത്തിവരുന്നത്. പ്രസ്തുത പഠനത്തിനായി 8.77 ലക്ഷം രൂപയാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്.

(ഇ) സാമ്പത്തിക പരിഗണനയ്ക്ക് ഉപരിയായി പദ്ധതിയുടെ സാമൂഹ്യ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവരുടേയും അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രമേ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം എടുക്കുകയുള്ളൂ.

(എഫ്) സർവ്വേ പൂർത്തിയാകാത്തതുകൊണ്ട് എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടി വരുമെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല. മാറ്റി പാർപ്പിക്കൽ പരമാവധി കുറച്ച്, കൂടുതൽ ജനങ്ങളെ ബുദ്ധിമുട്ടിക്കാത്ത തരത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്നുള്ള പഠനം മാത്രമാണ് ഇപ്പോൾ നടത്തി വരുന്നത്.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക്

82 (922) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് പോസ്റ്റിൽ പരസ്യം സ്ഥാപിക്കുന്നതിന് അനുമതി കിട്ടുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ലഭിച്ചിട്ടില്ല.

മലപ്പുറം ജില്ലയിൽ വൈദ്യുതി ബോർഡ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ

83 (923) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ വൈദ്യുതി ബോർഡ് കഴിഞ്ഞ 4 വർഷമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ ;

(ബി) മിനിമം ഗ്യാരണ്ടി ഒപ്പു വച്ച എത്ര പ്രവൃത്തികൾ ഈ കാലയളവിൽ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കായി പുതുതായി നൽകിയ വൈദ്യുതി കണക്ഷൻ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ജില്ലയിൽ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ 110 കെ.വി. 66 കെ.വി. എന്നീ വിഭാഗത്തിൽപ്പെട്ട എത്ര എണ്ണം വീതമാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസരണവിഭാഗത്തിൽ താഴെപ്പറയുന്ന ജോലികൾ ചെയ്തിട്ടുണ്ട്.

1. അരിക്കോട് 220.കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്തു.
2. പെരിന്തൽമണ്ണ 66 കെ.വി സബ്സ്റ്റേഷൻ ട്രാൻസ്ഫോർമർ ശേഷി 2X6.3 എം.വി.എ-ൽ നിന്നും 2X10 എം. വി. എ. ആക്കി വർദ്ധിപ്പിച്ചു.
3. മഞ്ചേരി 66 കെ.വി. സബ്സ്റ്റേഷൻ ട്രാൻസ്ഫോർമർ ശേഷി 2X6.3 എം.വി.എയിൽ നിന്നും 16.3 എം. വി. എ ആക്കി വർദ്ധിപ്പിച്ചു.
4. ഷൊർണ്ണൂർ - കുറ്റനാട്-എടപ്പാൾ 66 കെ.വി. ലൈൻ 31.6 കി. മീറ്റർ 110 കെ.വി യായി വർദ്ധിപ്പിച്ചു.
5. എടപ്പാൾ തിരൂർ 110 കെ.വി. പുതിയ ലൈൻ (23.04 കി.മീറ്റർ നിർമ്മിച്ചു)

LIBRARY ARCHIVES Kerala Legislative Assembly